**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3304** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡി.ജി.റ്റി. ചട്ടങ്ങൾ അനുസരിച്ച് ഐ.ടി.ഐ ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിൽ നിർബന്ധമായ നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് സ്പെഷ്യൽ റൂൾ ഭേദഗതി കരടിൽ പ്രസ്തുത യോഗ്യത അഭിലഷണീയ യോഗ്യതയായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ യോഗ്യത ഇല്ലാത്ത ഇൻസ്ട്രക്ടർമാർക്ക് പ്രസ്തുത യോഗ്യത നേടുന്നതിനും സ്പെഷ്യൽ റൂളിൽ നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് നിർബന്ധയോഗ്യതയായി ഉൾപ്പെടുത്തി ട്രെയിനിംഗ് നിലവാരം ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ നിലവിൽ രണ്ടു സ്ഥാപനങ്ങളിൽ മാത്രമാണ് ടി ട്രെയിനിംഗ് ലഭ്യമാകുന്നത് മറ്റു സംസ്ഥാനങ്ങളിൽ സീറ്റുകളുടെ പരിമിതി കാരണം കേരളീയർക്ക് ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നതിനുള്ള സാധ്യതയും വിരളമാണ്. ആയതിനാലാണ് ട്രെയിനിങ് പൂർത്തിയായവർക്ക് മുൻഗണന ലഭിക്കുന്ന രീതിയിൽ അഭിലഷണീയ യോഗ്യതയായി ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾക്ക് ഈ യോഗ്യത നിർബന്ധമാണ്. സർവീസിൽ പ്രവേശിക്കുന്ന ജൂനിയർ ഇൻസ്ട്രക്ടർമാർക്ക് ടി യോഗ്യത ഇല്ല എങ്കിൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഡി.ജി.ടിയുടെ സഹകരണത്തോടെ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ട്രെയിനിൽ പങ്കെടുത്ത് വിജയിക്കുന്നവർക്ക് മാത്രമേ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ അനുവദിക്കുകയുള്ളൂ |
| (ബി) | ഇതര സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിൽ എല്ലാ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർക്കും വൈസ് പ്രിൻസിപ്പാൾ തസ്തികയിലേക്ക് സീനിയോരിറ്റി പ്രകാരം പ്രമോഷൻ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. ഡി.ജി.ടി യുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് മൂന്നുവർഷ എൻജിനീയറിങ് ഡിപ്ലോയും ഏഴുവർഷ പ്രവർത്തിപരിചയവും ഉള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്കോ അല്ലെങ്കിൽ ബിടെക് യോഗ്യതയുള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്കോ മാത്രമാണ് വൈസ് പ്രിൻസിപ്പാൾ അല്ലെങ്കിൽ പ്രിൻസിപ്പാൾ ക്ലാസ് 2 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ആയതിനാലാണ് ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള മറ്റ് യോഗ്യതയുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയില്ലാത്തത്. |
| (സി) | ഐ.ടി.ഐ. ഇൻസ്ട്രക്ടർ തസ്തികയ്ക്കുള്ള യോഗ്യതകൾ | (സി) | സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരടിൽ ഡി.ജി.റ്റി |

| | | | |
|---|---|---|---|
| | ഡി.ജി.റ്റി നിഷ്കർഷിക്കും വിധമുള്ള ക്രമപ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ യോഗ്യതകൾ ക്രമപ്രകാരം തന്നെ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | ഓരോ ട്രേഡിലെയും ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ പരിഗണിക്കാവുന്ന മറ്റു യോഗ്യതകളും ചേർത്തിട്ടുണ്ട്. ഇൻസ്ട്രക്ടർ തസ്തികയിലെ അടിസ്ഥാന നിയമനത്തിനുള്ള അടിസ്ഥാനയോഗ്യത പത്താം ക്ലാസ് വിജയത്തിന് പുറമേ ബന്ധപ്പെട്ട ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും മൂന്നുവർഷ പ്രവർത്തിപരിചയവുമാണ്. അനുയോജ്യമായ ബ്രാഞ്ചിലെ 3 വർഷ ഡിപ്ലോമയും 2 വർഷ പ്രവർത്തി പരിചയവും അല്ലെങ്കിൽ ബിടെക്കും 1 വർഷ പ്രവർത്തി പരിചയവും ഉള്ളവർക്കും ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിന് അർഹതയുണ്ട്. ആയതിനാൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിടെക്ക് എന്ന ക്രമത്തിലാണ് ഓരോ ട്രേഡിലെയും ഇൻസ്ട്രക്ടർ തസ്തികയിലെ നിയമന യോഗ്യത ക്രമീകരിച്ചി രിക്കുന്നത്. |

സെക്ഷൻ ഓഫീസർ